**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2628** **13-12-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് -ചികിത്സ ആനുകൂല്യം നിഷേധിക്കുന്നതിൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് പദ്ധതി നിലവിൽ വന്നതിന് ശേഷം പുതുതായി എത്ര സ്വകാര്യ ആശുപത്രികളെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്: അവയുടെ വിശദാംശം ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | **പദ്ധതിയിലേക്ക് ഇൻഷ്വറൻസ് കമ്പനി പുതിയതായി എംപാനൽ ചെയ്ത ആശുപത്രികളുടെ ലിസ്റ്റ് സർക്കാരിന് കൈമാറിയിട്ടുള്ളത് പരിശോധിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. താമസംവിനാ ആയത് മെഡിസെപ് വെബ് പോർട്ടലിൽ ലഭ്യമാക്കുന്നതാണ്.** |
| (ബി) | മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അക്രഡിറ്റഡ് ആശുപത്രികളിൽ നോട്ടിഫൈ ചെയ്തിട്ടുള്ള രോഗങ്ങൾക്ക് പോലും ചികിത്സ ആനുകൂല്യം നിഷേധിക്കുന്നതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | **ചില സ്വകാര്യ ആശുപത്രികളിൽ എംപാനൽ ചെയ്ത പല വകുപ്പുകളിലും ചികിത്സ നിഷേധിക്കുന്നതായുള്ള പരാതികൾ സർക്കാരിന് ലഭിക്കുന്നുണ്ട്. അത്തരം പരാതികൾ ഇൻഷ്വറൻസ് കമ്പനിയെ അറിയിക്കുകയും ആയതിന്മേൽ നിയമപരമായി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ